Talented Bankers Literary Panel
പുസ്തക പരിചയം 115

പുസ്തകം പരിചയപ്പെടുത്തുന്നത്,
ശശിധരൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
പരപ്പനങ്ങാടി ശാഖ.

ഘടോൽകചൻ
നാടകം
KPAC വിൽസൺ
T&T ബുക്സ് കൊല്ലം
വില 100/-

നാടകം പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്നത് ഈ കാലത്ത് വളരെ ചുരുക്കമാണ്. പ്രത്യേകിച്ചും മുൻ നിര പ്രസാധകർ. മുൻകാലങ്ങളിൽ നാടകം നമ്മുടെ സാഹിത്യ രംഗത്ത് ഒരു പ്രഥമ പരിഗണന നേടി എടുത്തിരുന്നു. പ്രൊഫഷണൽ എന്നോ അമേച്ചർ എന്നോ വ്യത്യാസം കൂടാതെ നാടക സാഹിത്യ കൃതികൾ പുസ്തക ശാലകളിൽ വിറ്റു പോവുകയും വായിക്കപ്പെടുകയും ചെയ്തിരുന്നു. സി എൻ ശ്രീകണ്ഠൻ നായർ, കാവാലം, സി വി രാമൻ പിള്ള, സി ജെ തോമസ്, സി എൽ ജോസ്, എൻ എൻ പിള്ള, ശങ്കരപ്പിള്ള, നരേന്ദ്രപ്രസാദ്, ഓംചേരി, വയലാ വാസുദേവൻ പിള്ള, തോപ്പിൽ ഭാസി.... തുടങ്ങിയ മഹാരഥന്മാരുടെ നാടകങ്ങൾ പുസ്തകമായി പുറത്തുവന്നിട്ടുണ്ട്. ഇന്ന് അതെ അവസ്ഥ അല്ല എന്ന് കാണാം, ഏത് സങ്കേതത്തിലായാലും മികച്ച നാടകങ്ങൾ ഇപ്പോൾ അവതരിപ്പിക്കപ്പെടുകയും ആസ്വദിക്കപ്പെടുകയും ചെയ്യുന്നുണ്ടെങ്കിലും നാടകം പുസ്തകം ആക്കുന്നതിനോട് മുൻനിര പ്രസാധകരോ സാഹിത്യ ഉത്സവം നടത്തിപ്പുകാരോ മുഖം തിരിക്കുകയാണ് ചെയ്യുന്നത്. യാതൊരു കലാമൂല്യവും ഇല്ലാത്ത ചലച്ചിത്രങ്ങളുടെ പോലും തിരക്കഥകൾ അച്ചടിച്ചു കൂട്ടി പുസ്തകശാലകളിൽ നിരത്തി വച്ചിരിക്കുന്ന ഈ കാലത്ത്.

നാടകം സമൂഹത്തിൽ വരുത്തിയ ചലനങ്ങളും സ്വാധീനവും മാറ്റങ്ങളും കാണാതിരുന്ന് കൂടാ.
മഹാനായ നാടകകാരന്റെ ജന്മദിനം ആണല്ലോ നമ്മൾ ഇപ്പോൾ പുസ്തകദിനം ആയി കൊണ്ടാടുന്നത്. ഈ കൊച്ചു കേരളത്തിൽ ലോകത്തെ തന്നെ അത്ഭുതം കൊള്ളിച്ചു കൊണ്ട് തിരഞ്ഞെടുപ്പിൽ ഒരു കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരമേറ്റതിൽ നാടകം ഒരുക്കി തീർത്ത സാമൂഹിക പരിസരം ഓർക്കേണ്ടതല്ലേ.

നാടകം വായിക്കപ്പെടേണ്ടത് കൂടിയാണ്. N N പിള്ള യുടെ ഒരു നാടകം അവതരിപ്പിച്ചു കാണുന്നതിനൊപ്പം അനുഭവം അത് വായനയിൽ തരുന്നുണ്ട്

ഘടോൽകചൻ പ്രൊഫഷണൽ രംഗത്ത് നിന്നുള്ള നാടകമാണ്. പേര് സൂചിപ്പിക്കുന്നത് പോലെ കഥാപാത്രങ്ങളും കഥാ സന്ദർഭങ്ങളും മഹാഭാരതത്തിൽ നിന്നുമാണ്.
സിവിക് ചന്ദ്രൻ അവതാരികയിൽ പറയുന്നതു നോക്കു "ഭീമസേനന്റെയും ഹിഡിംബിയുടെയും ആത്മ സംഘർഷങ്ങളിൽ നിന്നുകൊണ്ട് ഘടോൽകചന്റെ ജീവിതം അവതരിപ്പിക്കുകയാണ് KPAC വിത്സൺന്റെ ഈ നാടകം. Amature, പ്രൊഫഷണൽ അരങ്ങിലെ ഒരു വെൽ മെയ്ഡ് പ്ലേയുടെ ഒതുക്കവും മുറുക്കവും ഉള്ള ഈ നാടകം പുസ്തകമായി ഇറങ്ങുന്നതാവട്ടെ രോഹിത് വെൻമുല എന്ന ദളിത് വിദ്യാർത്ഥി, ജാതിയാണ് പ്രശ്നം എന്ന് സ്വന്തം രക്തം കൊണ്ട് എഴുതിയ ദിവസങ്ങളിലും. ജാതിയും, നിറവും, വർണ്ണവും, വംശവും എല്ലാക്കാലത്തും ഉണ്ടായിരുന്നു ഇന്ത്യയിൽ. അത് തിരിച്ചറിയാനും തുറന്നു പറയാനും ചെറുക്കാനുമുള്ള ശ്രമങ്ങളും. ക്രിസ്തുവിനു മുൻപുള്ള കാലത്ത് സ്പാർട്ടക്കസ് ചോദിച്ച ചോദ്യം വീണ്ടും മുഴങ്ങുന്നു " പക്ഷെ എന്തെ, എന്തെ എല്ലായ്പോഴും നാം തോറ്റുപോകുന്നു "

ഒരു ചടുലമായ രംഗ അവതരണത്തിനുള്ള ഭാഷയാണ് ഈ നാടകത്തിനുള്ളത്. മഹാഭാരത വരികൾക്കിടയിൽ ഒളിസഞ്ചാരം നടത്തുന്നു നാടകകൃത്ത്.
ഭാരത യുദ്ധത്തിന് ശേഷം പാണ്ഡവർ രാജ്യം ഉപേക്ഷിച്ചു സ്വർഗാരോഹണത്തിനായി യാത്രതിരിക്കുന്നു. ഇടക്ക് പിന്തിരിഞ്ഞു ഹിഡിംബിക്ക് അരികിലേക്ക് എത്തുന്ന ഭീമസേനനിൽ നാടകം ആരംഭിക്കുന്നു. മഹായുദ്ധത്തിൽ എല്ലാം നഷ്ടപ്പെട്ട വനവാസികളെയാണ് ഭീമസേനന് അവിടെ കാണാൻ കഴിയുന്നത്. ഹിഡിംബി ചോദിക്കുന്നു " ഒരു പെണ്ണിന്റെ പ്രതികാരത്തിനും, ഒരു പിടി മണ്ണിനോടുള്ള മോഹത്തിനും വേണ്ടി നിരപരാധികളുടെ കണ്ണീരും ചോരയും കൊണ്ട് ചവിട്ടികുഴക്കപ്പെട്ട കുരുക്ഷേത്രമേ നീ അറിയുന്നുണ്ടോ, ആണുങ്ങളില്ലാതെ അനാഥമാക്കപ്പെട്ട ഒരു കാടിന്റെ നിലവിളി.... "

ജാതി വിവേചനത്തിന്റെയും വർണ്ണ വെറിയുടെയും ഭാരതകഥയിലെ ദൃഷ്ടാന്തമായ ഏകലവ്യൻ ഈ നാടകത്തിൽ കടന്നു വരുന്നത് മകൾ അഞ്ജനയിലൂടെയാണ്

" അതേ, ഏകലവ്യൻ ആണെന്റെ അച്ഛൻ.. ഒരു കളിമൺ പ്രതിമയ്ക്ക്

ഗുരുദക്ഷിണയായി പെരുവിരൽ മുറിച്ച് കൊടുത്ത വിഡ്ഢി.. ( അഭിനവ ദ്രോണൻമാർക്കു സ്വജീവൻ തന്നെ തളികയിൽ നീട്ടിയ രോഹിത് വെമുലയെ പോലുള്ള ഏകലവ്യന്മാരെ ഓർക്കുക )

... ലക്ഷ്യം തെറ്റിപോകുന്ന അസ്ത്രങ്ങളെയ്തുകൊണ്ടു ഒരു ഭ്രാന്തനെ പോലെ അലയുന്നുണ്ടീ കാട്ടിൽ.. ഏകലവ്യൻ.. എന്റെ പിതാവ്..

.. കാട്ടാളനോടല്ലേ കൈവിരൽ ദക്ഷിണയായി ചോദിക്കൂ ബ്രാഹ്മണൻ... പാണ്ഡവരും കൗരവരുമടക്കം വീരന്മാരായ ശിഷ്യഗണങ്ങൾ ധാരാളം ഉണ്ടായിരുന്നല്ലോ ദ്രോണർക്കു, വിരല് വേണ്ട, ഒരു നഖമെങ്കിലും മുറിച്ച് വാങ്ങിയോ മഹാഗുരു. ദക്ഷിണയായിട്ട്.

കുന്തിദേവിയുടെ നിർദ്ദേശം അനുസരിച്ചു ഭീമസേനനാൽ വനത്തിൽ ഉപേക്ഷിക്കപ്പെടുന്ന ഹിഡിംബിയെയും ഘടോത്കചനെയും ഒരു കാവൽമൃഗത്തെ പോലെ സംരക്ഷിച്ചുപോന്ന്, ഒടുവിൽ ഭീമസേനനോട് ഏറ്റു മരിക്കാൻ യാത്രയാവുന്ന കിർമ്മീരൻ ഈ നാടകത്തിലെ ഏറ്റവും വ്യക്തിത്വം നിറഞ്ഞ കഥാപാത്രമാണ്.

ഭാരതയുദ്ധത്തിന്റെ തുടക്കത്തിൽ പാണ്ഡവരും കൗരവരും നിഷാദരുടെ സഹായം തേടി വരുന്നുണ്ട്. കചൻ താത്പര്യം കാട്ടുന്നത് കൗരവരോടാണ്. തന്റെ അമ്മാവൻ ഹിഡിംബന്റെ ചോരക്കു പകരം ചോദിക്കുക, അരക്കില്ലത്തിൽ എന്തിനെന്നറിയാതെ തീയിൽ മരിച്ച നിഷാദരോടുള്ള സമരസപ്പെടൽ. പക്ഷേ സ്വന്തം പിതാവ് ഭീമസേനൻ ആണെന്ന് അമ്മ ഹിഡിമ്പിയിൽ നിന്ന് അറിയുന്ന ഘടോത്കചൻ പാണ്ഡവ പക്ഷം ചേരുന്നു.
യുദ്ധഭൂമിയിൽ കൊടുങ്കാറ്റാണയാൾ.

അർജ്ജുനപുത്രൻ അഭിമന്യുവുമായുള്ള കചന്റെ ഹൃദയബന്ധം അതി തീവ്രമായിട്ടാണ് ഈ നാടകത്തിൽ ചേർത്തിട്ടുള്ളത്. പാണ്ഡവർക്ക് ദ്രൗപതിയിൽ നിന്നല്ലാതെ ജനിക്കപ്പെട്ട പുത്രന്മാരുടെ കഥകൂടിയാണ് ഈ നാടകം.

കാട്ടുവാസിയായ
ഘടോത് കചനും സൂതപുത്രൻ എന്ന് അധിക്ഷേപിക്കപെട്ട കർണ്ണനും തമ്മിലാണ് കുരുക്ഷേത്രത്തിലെ ഏറ്റവും കഠിനമായ യുദ്ധം നടക്കുന്നത്. ആരുടെ അധികാരം ഉറപ്പിക്കുന്നതിന്?. യുദ്ധത്തിന്റെ ഇടവേളകളിൽ, വിശ്രമസമയത് എപ്പോഴെങ്കിലും വ്യർഥമായ ഈ യുദ്ധത്തിന്റെ സാരം മനസ്സിലാക്കി ഒരു സന്ധിക്ക് വനവാസിയും സൂതപുത്രനും മുന്നിട്ടിറങ്ങിയിട്ടുണ്ടാവുമോ?
ഇല്ല, അതിനിടവന്നിട്ടുണ്ടാവില്ല

അപ്പോഴേക്കും യുദ്ധം തുരുന്നതിനുള്ള കാഹളം മുഴങ്ങിയിട്ടുണ്ടാവും..

കചൻ : " ക്ഷമിക്കണം, രാജാവേ... നമ്മൾ തമ്മിൽ എന്തിനാണ് ശത്രുത, പാണ്ഡവരിൽ മൂത്തവനായ് ജനിച്ച നിങ്ങൾ പാണ്ഡവർക്കെതിരെ പോരാടുന്നു... പാണ്ഡവരുടെ മൂത്തപുത്രനായി ജനിച്ച എന്നെ അവർതന്നെ മരണത്തിനു വിട്ടു കൊടുക്കുന്നു. അഹങ്കരിക്കാൻ നമുക്കെന്താണ് ബാക്കി..

.. രാജാവേ, മരിക്കാനും കൊല്ലാനും നമുക്ക് എളുപ്പം കഴിയും... പക്ഷെ എല്ലാം കഴിഞ്ഞ് കണക്കുകൾ നോക്കുമ്പോൾ ഒന്നും ബാക്കിയുണ്ടാവില്ലെന്നു നമുക്ക് ഉറപ്പുള്ള ഈ യുദ്ധം അവസാനിപ്പിച്ചാലോ നമുക്ക്..

കർണ്ണൻ : എങ്ങിനെ... കൃഷ്ണന് കഴിയാത്ത സമാധാനം കൊണ്ടുവരാൻ.. ഒരു കാട്ടാളനും സൂതപുത്രനും കഴിയുന്നതെങ്ങിനെ.. അതും അധർമ്മം നീതിയായി കാണുന്ന ഈ ലോകത്ത്.
സമാധാനവും സന്ധിയും മനസ്സിൽ ചിന്തിക്കും മുൻപേ യുദ്ധ കാഹളം മുഴങ്ങും. നാവുയർത്തി പറയാൻ കഴിവില്ലാത്ത നമ്മൾ ആയുധമുയർത്തി പരസ്പരം കൊല്ലും.. ഘടോത്കചൻ.. സന്ധിയില്ല.. സമാധാനവുമില്ല.. നമ്മൾ തമ്മിൽ ചെയ്യേണ്ടതൊന്നേയുള്ളൂ.. യുദ്ധം..

കചൻ :... ഒരു കയ്യിൽ പുല്ലാംകുഴലും മറുകയ്യിൽ ആയുധവുമുയർത്തി കാടിറങ്ങി വന്ന നിഷാദനാണ് ഞാൻ.. കണ്ടോ... ആർക്കു വേണ്ടി കൊന്നാലും.. ആർക്കു വേണ്ടി മരിച്ചാലും കാട്ടാളന്റെ ചോരയുടെ നിറവും.. ചുവപ്പ് തന്നെ.. "

ഭാരതകഥയിലെ വരികൾക്കിടയിലെ വായനയും ആത്മഗത ങ്ങളും പല സന്ദർഭങ്ങളിലും ഈ ചെറിയ നാടകത്തിൽ തെളിഞ്ഞു വരുന്നുണ്ട്. തീർച്ചയായും അരങ്ങിലും വായനയിലും അനുഭൂതികൾ നിറക്കുന്നതാണ് ഈ ചെറിയ വലിയ നാടകം

പിൻകുറിപ്പു : പുസ്തകത്തിലെ മൊബൈൽ നമ്പറിൽ നിന്ന് നാടകകൃത്തിനെ നേരിട്ട് വിളിച്ചു, ഇപ്പോൾ കോപ്പി കിട്ടാനുണ്ടോ എന്നറിയാൻ. ഇല്ല പുസ്തകം ഔട്ട് ഓഫ് പ്രിന്റ് ആണ്. കോഴിക്കോട് പൂർണ്ണ ബുക്ക്സ് വീണ്ടും പബ്ലിഷ് ചെയ്യാമെന്ന് ഏറ്റിരിക്കുന്നു. കടലാസ് പണികൾ ഏകദേശം പൂർത്തിയായി. അപ്പോളാണ് അശനിപാതം പോലെ കോവിഡ്, ലോക്ക് ഡൌൺ. പ്രൊഫഷണൽ നാടക രംഗത്ത് പ്രവർത്തിക്കുന്ന ആൾ തികച്ചും പെട്ടുപോയി. ഒരു വർഷത്തെ കരുതലിനുള്ള ഒരു മുഴുവൻ സീസൺ ആണ് വെറുതെയിരുന്ന് പോകുന്നത്. ഇപ്പൊ ഒരു നോവലിന്റെ പണിപ്പുരയിൽ ആണ്. ഈ

പുസ്തകങ്ങൾ ഒക്കെ പ്രസിദ്ധപ്പെടുത്തി ഓഫീസുകളിലും മറ്റും സ്വന്തമായി കൊണ്ട് പോയി വിറ്റു ഈ പ്രതിസന്ധി തരണം ചെയ്യണം എന്നാണ് പ്രതീക്ഷിക്കുന്നത്.
നമ്മുടെയൊക്കെ ഓഫീസിലും വീടുകളിലും നമുക്ക് മുന്നിൽ ഇങ്ങിനെ പുസ്തകവുമായി വരുന്നവരെ
നിരുത്സാഹപ്പെടുത്താതിരിക്കുക, ഒരു കോപ്പി എങ്കിലും വാങ്ങി വായിക്കുക. കാരണം അവർ തോളത്തു തൂക്കി ഇട്ടിരിക്കുന്ന സഞ്ചിയിലുള്ളത് അവരുടെ ജീവിതം തന്നെയാണ്.